**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5422** **23.05.2017-ൽ മറുപടിയ്ക്ക്**

## മോട്ടോർ വാഹനവകുപ്പിന്റെ വാഹന പരിശോധന

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.എസ്.ശബരീനാഥൻ | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിന്റെ എത്ര റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് നിലവിൽ വാഹന പരിശോധക സംഘമുള്ളത്; | (എ) | മോട്ടോർ വാഹന വകുപ്പിന്റെ 17 റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലാണ് നിലവിൽ വാഹന പരിശോധക സംഘമുള്ളത് |
| (ബി) | ആവശ്യത്തിന് ഉദ്യോഗസ്ഥരില്ലാത്തതിനാൽ മോട്ടോർ വാഹനവകുപ്പിന്റെ പരിശോധന പലയിടത്തും മുടങ്ങുന്നതായും, ഇതുമൂലം നികുതിയിനത്തിൽ കോടികളുടെ നഷ്ടം ഉണ്ടാകുന്നുവെന്നതും വസ്തുതയാണോ; | (ബി) | നികുതിയിനത്തിൽ കുറവ് വരുന്നതായി കാണുന്നില്ല. കൂടുതൽ വാഹനങ്ങളും ഉദ്യോഗസ്ഥന്മാരെയും ഉപയോഗപ്പെടുത്തിയാൽ സർക്കാറിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുമെന്ന് സർക്കാർ കരുതുന്നു. |
| (സി) | സ്ക്വാഡില്ലാത്ത സബ് ഓഫീസുകളിൽ ജീവനക്കാരെ നിയോഗിച്ച് വാഹന പരിശോധന ഊർജ്ജിതമാക്കുവാനും, അതിലൂടെ നികുതി പിരിവ് ഊർജ്ജിതമാക്കുവാനും നടപടി സ്വീകരിക്കുമോ? | (സി) | സർക്കാറിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്തു മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കുന്ന കാര്യം പരിഗണിക്കുവാൻ കഴിയുകയുള്ളൂ. നികുതി പിരിവിന്റെ കാര്യത്തിൽ അലംഭാവം ഉള്ളതായി കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ